സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ട്. ആലപ്പുഴയുടെ പ്രതാപം അങ്ങേയ്ക്ക് അറിയാമല്ലോ. അങ്ങ് കേന്ദ്രത്തിലെ പി.യു.സി.-യുടെ ചെയർമാനായിരുന്ന സമയത്തായിരുന്നു അവസാനമായി ആലപ്പുഴയിൽ കപ്പൽ വന്നത്. അങ്ങ് മുൻകൈ എടുത്തിട്ടാണ്. ഇക്കാര്യത്തിൽ ആലപ്പുഴയെ സംബന്ധിച്ചിടത്തോളം വികാരപരമായ ഒരു പ്രശ്നമുണ്ട്. ആലപ്പുഴ നഗരത്തെ ശാപമുക്തമാക്കാനുള്ള ഏറ്റവും നല്ല സമീപനമാണ് ആലപ്പുഴ തുറമുഖം നന്നാക്കുക എന്നുള്ളത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, പ്രധാനമായും ഭക്ഷ്യധാന്യങ്ങളുടെ ഇറക്കുമതി അടിസ്ഥാനമാക്കി പ്രവർത്തിച്ചുവന്ന ആലപ്പുഴ തുറമുഖത്ത് 1959 മുതൽ കയറ്റിറക്ക് പ്രവർത്തനങ്ങൾ നടക്കുന്നില്ല. കൊച്ചി തുറമുഖത്തിന്റെ സാമീപ്യവും കപ്പലുകളിൽനിന്ന് ചരക്കുകളിറക്കുന്നതിനുള്ള നവീന സങ്കേതങ്ങളില്ലാത്തതുമാണ് ഈ സാഹചര്യത്തിന് കാരണം. ആലപ്പുഴ പ്രധാനപ്പെട്ട ഒരു വിനോദസഞ്ചാര തുറമുഖമായി വികസിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന് വിശദമായ രൂപരേഖ തയ്യാറാക്കുന്നുണ്ട്. L & T Rambol Consultant Engineers എന്ന സ്ഥാപനത്തെയാണ് ഈ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. അതിന്റെ രൂപരേഖ തയ്യാറാക്കിയെങ്കിലും, അന്തിമ ഘട്ടത്തിലാണ്. ഈ റിപ്പോർട്ട് 2003 ജൂലൈ മാസത്തിൽ കിട്ടുമെന്നാണ് പ്രതീക്ഷ. ഇത് കിട്ടിയാലുടൻ തൽപരരായ നിക്ഷേപകരെ കണ്ടെത്താൻ പത്രപ്പരസ്യം കൊടുക്കുന്നതാണ്. തുറമുഖ വകുപ്പിന് ലഭിച്ച കരട് രൂപരേഖ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 130 കോടി രൂപയും രണ്ടാം ഘട്ടത്തിന് 103 കോടി രൂപയുമാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പണി ആരംഭിച്ചു കഴിഞ്ഞാൽ 2 കൊല്ലംകൊണ്ട് അത് പൂർത്തിയാക്കി വിദേശത്തുനിന്നും സ്വദേശത്തുനിന്നുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള വികസനമായിരിക്കും ഈ തുറമുഖത്ത് ഒരുക്കുക.

(4) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുക തിരിച്ചടയ്ക്കാനുള്ള ഉത്തരവിട്ടതുമൂലം ഉണ്ടായിരിക്കുന്ന സ്ഥിതി വിശേഷം

ശ്രീ. പി. ജയരാജൻ: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുക ചെലവഴിക്കാൻ കഴിയാതെ വന്നതിന്റെ പേരിൽ ഇപ്പോൾ 840 കോടിയോളം രൂപ തിരിച്ചടയ്ക്കാൻ ഗവൺമെന്റ് ഉത്തരവായിരിക്കുകയാണ്. ഇപ്പോൾ പദ്ധതി ഇല്ലാത്തതുകൊണ്ട് ഈ തുക തിരിച്ചു പിടിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ പറഞ്ഞത്. പത്താം പദ്ധതിയുടെ വാർഷിക പദ്ധതിയിൽ, 1,600 കോടിയോളം രൂപ ലോക്കൽ ബോഡീസിന് കൊടുക്കണം. എന്നാൽ 1,250 കോടി രൂപയാണ് ബഡ്ജറ്റിൽ പെടുത്തിയിട്ടുള്ളത്. അതിൽ നിന്നുതന്നെ 3 ഗഡു മാത്രമാണ് കൊടുത്തത്. 840 കോടി രൂപ ഇപ്പോൾ തിരിച്ചടയ്ക്കാൻ പറഞ്ഞിരിക്കുകയാണ്. ഈ പദ്ധതി യഥാർത്ഥത്തിൽ ഉണ്ടാക്കിയിട്ട്, 2002-03-ലെ സ്പിൽ ഓവർ വർക്കുപോലും നടത്താൻ കഴിയാത്ത സ്ഥിതിയാണ് ഗവൺമെന്റിന്റെ ഈ തീരുമാനംമൂലം ഉണ്ടായിട്ടുള്ളത്. ജനകീയാസൂത്രണത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്ന ഒരു സമീപനമാണിത്. നിയമസഭ പാസ്സാക്കിക്കൊടുക്കുന്ന പണം നിയമസഭ നടക്കുന്ന അവസരത്തിൽ സഭപോലും അറിയാതെയാണ് തിരിച്ചെടുത്തിരിക്കുന്നത്. അതുകൊണ്ട് ഞാൻ ആവശ്യപ്പെടുന്നത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും തിരിച്ചെടുത്ത ഈ 840 കോടി രൂപ തിരിച്ച് നൽകുക. അതുപോലെതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ പി.ഡി. അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യാനുള്ള അനുവാദം

LIBRARY ARCHIVES Kerala Legislative Assembly

നൽകുക, അത് സെക്രട്ടറിമാർ ഓപ്പറേറ്റു ചെയ്താൽ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടാൻ ഇടയാകും. അതുകൊണ്ട് വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് പി.ഡി. അക്കൗണ്ട് തുടങ്ങാൻ അനുവാദം നൽകണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഇന്നലെ ഇതിന് മറുപടി പറഞ്ഞതാണ്. ഇക്കാര്യത്തിൽ യാതൊരു തടസ്സവും ഉണ്ടാകുന്നതല്ല. അരാത് മാസങ്ങളിൽത്തന്നെ ചെക്ക് കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ക്യാഷ് ചെയ്യുന്നതാണ്.

(5) കെ.എസ്.ഇ.ബി.-ക്ക് കരാറുകാർ നിർമ്മിച്ചു നൽകിയ ഇലക്ട്രിക് പോസ്റ്റുകൾ വീണുണ്ടായ അപകട മരണങ്ങൾ

ശ്രീ. ഉമേഷ് ചള്ളിയിൽ: സർ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇലക്ട്രിക് പോസ്റ്റുകൾ തകർന്നു വീണ് തുടർച്ചയായി അപകട മരണങ്ങൾ സംഭവിക്കുകയാണ്. ഈ കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ 3 മരണങ്ങൾ സംഭവിച്ചു കഴിഞ്ഞു. കളമശ്ശേരിയിൽ രശ്മി എന്ന ഒരു വീട്ടമ്മയും, കൊടുങ്ങല്ലൂരിൽ എന്റെ മണ്ഡലത്തിൽ ഷഫീർ എന്ന ബധിരനും മൂകനുമായ ഒരു യുവാവും ഒരു കുട്ടിയും ദാരുണമായി മരണമടഞ്ഞു. ദൃക്സാക്ഷികളും ഇത് റിപ്പോർട്ടു ചെയ്ത പത്രക്കാരും ചൂണ്ടിക്കാണിക്കുന്നത് ഇലക്ട്രിക് പോസ്റ്റുകളുടെ ദുർബലാവസ്ഥയാണ്. മുൻകാലങ്ങളിൽ 800 mm വണ്ണത്തിലുള്ള കമ്പിയായിരുന്നു പോസ്റ്റുകൾ നിർമ്മിക്കാൻ ഉപയോഗിച്ചിരുന്നത്. ഇപ്പോൾ വളരെ മോശമായ ക്വാളിറ്റിയാണ്, കോൺക്രീറ്റും മോശമാണ്. ഇതിന് നേതൃത്വം കൊടുത്ത ഉദ്യോഗസ്ഥർക്കും കരാറുകാർക്കും എതിരെ നടപടി എടുക്കാനും ഈ കുടുംബങ്ങൾക്ക് ധനസഹായം നൽകാനുമുള്ള നടപടികൾ സ്വീകരിക്കാനും തയ്യാറാകണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ഇൻഡ്യൻ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ (ഐ.എസ്.എസ്.) അനുസരിച്ച് സിമന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ ഡിസൈൻ ചെയ്ത് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ 10.00 A.M.] അംഗീകരിച്ച പ്രകാരമാണ് പോസ്റ്റുകൾ നിർമ്മിക്കുന്നത്. നാല് മില്ലീമീറ്റർ മാത്രം വ്യാസമുള്ള ഹൈടെൻഷൻ സ്റ്റീൽ വയറാണ് ഇതിനുപയോഗിക്കുന്നത്. ഏഴ് മീറ്റർ, എട്ട് മീറ്റർ നീളമുള്ള പോസ്റ്റുകൾക്ക് എട്ട് കമ്പികൾ വീതവും ഒമ്പത് മീറ്റർ നീളമുള്ള പോസ്റ്റുകൾക്ക് 12 കമ്പികളും ഉപയോഗിക്കുന്നു. ഇത് ടെൻഷൻ മെഷീൻ ഉപയോഗിച്ച് ടെൻഷൻ ചെയ്ത് നിർത്തിയാണ് പോസ്റ്റുകൾ വാർക്കുന്നത്. പ്രധാന കമ്പികൾക്ക് ഇടയ്ക്ക് ഉപയോഗിക്കുന്ന കമ്പികൾ ലാപ്പ് ചെയ്ത് ഉപയോഗിക്കാം. ഏഴ് മീറ്റർ പോസ്റ്റിന് 120 കിലോഗ്രാമും എട്ട് മീറ്റർ പോസ്റ്റിന് 140 കിലോഗ്രാമും ഒൻപത് മീറ്റർ പോസ്റ്റിന് 200 കിലോഗ്രാം ഭാരത്തിലും പരമാവധി ലോഡ് താങ്ങാവുന്ന വിധത്തിൽ 2.5 മടങ്ങ് ഫാക്ടർ ഓഫ് സേഫ്റ്റിയിലുമാണ് പോസ്റ്റുകൾ ടെസ്റ്റ് ചെയ്യുന്നത്. പോസ്റ്റുകളുടെ നിർമ്മാണത്തിലെ എല്ലാ ഘട്ടങ്ങളിലും ആവശ്യമായ ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. വാഹനങ്ങൾ ഇടിക്കുമ്പോഴും മരങ്ങൾ ലൈനുകളിൽ വീഴുമ്പോഴും ഉണ്ടാകുന്ന ആഘാതം ഒരു പരിധിക്കപ്പുറം താങ്ങാൻ പോസ്റ്റുകൾക്ക് കഴിയില്ല. കോതപറമ്പിലെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അപകടം കാർ ഇടിച്ചതുമൂലവും കളമശ്ശേരിയിലെ അപകടം മരം വീണതുമൂലവും ഉണ്ടായതാണ്.

LIBRARY ARCHIVES Kerala Legislative Assembly